# രക്ഷകന്റെ സാന്നിധ്യമുള്ള ദിവ്യമായ കാലിത്തൊഴുത്തുകളാകട്ടെ നമ്മുടെ ജീവിതം

## 1. ദൈവാനൂഭൂതി പെയ്തിറങ്ങുന്ന ദിനം

സുമനസ്സുകളിലേയ്ക്ക് ദൈവാനൂഭൂതി പെയ്തിറങ്ങുന്ന ദിനമാണ് ക്രിസ്തുമസ്. ഉണ്ണിമിശിഹാ ഒരുവന്റെ മനസ്സിനെയും ജീവിതത്തെയും ദൈവാനൂഭൂതികൊ് നിറക്കുന്ന നല്ല അനുഭവമാണ് മഞ്ഞണിഞ്ഞ രാത്രിയിലെ രക്ഷകന്റെ വരവ്. ബുദ്ധികൊ് കണക്കുകൂട്ടി കാത്തിരുന്നവർക്കാർക്കും ഉണ്ണിയേശുവിനെ തിരിച്ചറിയുവാനോ അനുഭവിക്കുവാനോ സാധിച്ചില്ല. മറിച്ച് എളിമയുടെ നിറകുടമായ മറിയവും, നീതിമാനായ യവുസേപ്പും, പട്ടിണിമാറ്റാൻ രാത്രിയും പകലുമില്ലാതെ ആട്ടിൻകൂട്ടത്തിന് കാവലിരുന്ന ആട്ടിടയൻമാരും, അറിവിനെ ദൈവീകമായിക്ക പൂജരാജാക്കളുമാണ് പുൽത്തൊഴുത്തിൽ പൂനിലാവിൽ പൂമെത്തയില്ലാതെ പുൽക്കൂട്ടിൽ പുഞ്ചിരിച്ച പൈതലിനെ അനുഭവിച്ചത്. രക്ഷയുടെ സദ്വാർത്ത ശ്രവിക്കുവാൻ സാധിക്കുന്നത് ലാളിത്വത്തിലന്റെ മേച്ചിൽപുറങ്ങളിൽ ദാരിദ്രത്തിന്റെ കുളിരിൽ കുളിച്ചു നിൽക്കുന്നവർക്കാണ്. അഹന്തയുടെയും, അഹങ്കാരത്തിന്റെയും, ആഡംബരത്തിന്റെയും, മദ്യപാനപേക്കൂത്തുകളുടെയും ഭാണ്ഡങ്ങൾ ഇറക്കിവച്ച്, രാത്രിയുടെ യാമങ്ങളിൽ ആട്ടിൻകൂട്ടത്തിന് കാവലിരിക്കുന്ന ആട്ടിടയൻമാരുടെ അവസ്ഥയിലേയ്ക്ക് നാം നമ്മെതന്നെ അനുരൂപപ്പെടുത്തുമ്പോൾ തീർച്ചയായും രക്ഷകൻ നമ്മിലും പിറക്കും.

## 2.ദൈവത്തിന്റെ പ്രണയം മനുഷ്യരൂപംപ്രാപിച്ചതാണ് ക്രിസ്തുമസ്സ്

മനുഷ്യനോടുള്ള ദൈവത്തിന്റെ പ്രണയം മനുഷ്യരൂപംപ്രാപിച്ച ദിവസമാണ് ക്രിസ്തുമസ്സ്. സ്നേഹം, പ്രണയം, ഇവയൊക്കെ ദൈവീകമാണെന്ന് ക്രിസ്തുമസ്സിലൂടെ നാം തിരിച്ചറിയണം. മാനുഷികമായ മാനങ്ങൾക്കൊ് സ്നേഹത്തെ വെട്ടിപ്പിടിക്കുവാനും, സ്വന്തമാക്കുവാനും നാം പരിശ്രമിക്കുമ്പോൾ പുൽക്കൂട്ടിലെ ഉണ്ണിമിശിഹാ പറയും സ്നേഹം, പ്രണയം അത് ചെറുതാകലാണ്, ബലിയാണ്, കരുണയാണ്, എളിമപ്പെടലാണ്, വിട്ടുകൊടുക്കലാണ് എന്നൊക്കെ... കാരണം എല്ലാമായിരുന്നവൻ മനുഷ്യാവതാരത്തിലൂടെ ഒന്നുമില്ലാത്തവനായി...ബലിസ്വീകരിച്ചിരുന്നവൻ ബലിക്കുള്ള കുഞ്ഞാടായി മാറി...കരയുന്നവന്റെ കണ്ണീരൊപ്പുന്ന കരുണയുടെ മുഖമായി...ഒന്നും തനിക്കുവേി മാറ്റിവയ്ക്കാതെ മുഴുവൻ വിട്ടുകൊടുത്തു.. ഇതല്ലെ ശരിക്കും സ്നേഹം പ്രണയം എന്നൊക്കെ പറയുന്നത്..

## 3.ക്രിസ്തുമസ് ഒരു ബലിയുടെ ഓർമ്മകൂടിയാണ്

ക്രിസ്തുമസ് ഒരു ബലിയുടെ ഓർമ്മകൂടിയാണ്. നെഞ്ചോടണച്ചുപിടിക്കുന്നതിനെ വിട്ടുകളയുമ്പോൾ ഉാകുന്ന വേദനയുടെ ആഴം വലുതാണ്. ആയിരം ആട്ടിൻപറ്റങ്ങളിൽനിന്ന് ഒന്നിനെ നൽകുന്നത് ബലിയല്ല. എന്നാൽ സ്വന്തം ശരീരത്തിന്റെയും മനസ്സിന്റെയും ഭാഗമായ ഒരാളെ അപരനുവേി പൂർണ്ണമായി നൽകുന്നത് ബലിയാണ്.  ഇതാണ് പിതാവായ ദൈവം തന്റെ പുത്രനെ ലോകത്തിനു നൽകിയപ്പോൾ ചെയതത്. സ്നേഹമുള്ളവരെ മണ്ണിന്റെയും മനുഷ്യന്റെയും സകല ദുഖങ്ങൾക്കും മീതെ തൂമഞ്ഞുപോലെ ദൈവത്തിന്റെ സ്നേഹം നമ്മുക്കിടയിൽ വാസമുറപ്പിക്കുകയാ ക്രിസ്തുമസ് ദിനത്തിൽ. രക്ഷിക്കാൻ ആവാത്തവിധം ദൈവത്തിന്റെ കരങ്ങൾ കുറുകിപ്പോയിട്ടില്ല എന്നതിന് തെളിവാണ് തിരുപ്പിറവി. രക്ഷിക്കുന്ന ദൈവത്തെ തിരിച്ചറിയുവാനും, അവനിൽ ആശ്രയിക്കുവാനുമാണ് ക്രിസ്തുമസ് നമ്മോടാവശ്യപ്പെടുന്നത്. അതിനാൽ ക്രിസ്തുമസ് ആഘോഷങ്ങളിൽ മാത്രം ഒതുങ്ങുന്നത് ആപൽക്കരമാണ്.

## 4.രക്ഷകനുള്ള ദിവ്യമായ കാലിത്തൊഴുത്തുകളാക്കാം നമ്മുടെ ജീവിതം

എളിയവരിൽ എളിയവനായി, ദരിദ്രരിൽ ദരിദ്രനായി പിറന്നുവീണ ഉണ്ണിമിശിഹായെ ജീവിതത്തിൽ സ്വീകരിക്കുവാൻ തയ്യാറാകാത്ത ഹോറോദോസിനെപ്പോലെയാകാതിരിക്കട്ടെ വിശ്വാസിളായ നമ്മുടെ ജീവിതം. മിശിഹായെ തിരിച്ചറിഞ്ഞ് വന്നവഴിപോകാതെ രക്ഷകൻ കാണിച്ചുകൊടുത്ത വഴിയെനടന്ന രാജാക്കൻമാരെപ്പോലെ നമ്മുക്കും ഒന്ന് തിരിച്ചു നടക്കാം....ഈ ക്രിസ്തുമസ് ദിനത്തിൽ. അവന്റെ സ്നേഹത്തിന്റെ, സഹനത്തിന്റെ, ശൂന്യമാക്കലിന്റെ വാതിലിലൂടെ പ്രവേശിച്ച് നിത്യജീവൻ പ്രാപിക്കുന്നവരായി നമ്മുക്കും മാറാം. ഒന്നുമല്ലാത്ത, ഒന്നുമില്ലാത്ത പുൽതൊഴുത്ത് എല്ലാമുള്ള സ്വർഗ്ഗീയ ഇടമായിമാറാനുള്ള കാരണം പിള്ളക്കച്ചയിൽ ശയിക്കുന്ന ഉണ്ണിയേശുവിന്റെ സാന്നിധ്യമാണ്. രക്ഷകനില്ലാത്ത ജീവിതം വിലയില്ലാത്ത കാലിത്തൊഴുത്താണ്. ജീവിതം പാഴായ കാലിത്തൊഴുത്തുകളാക്കാതെ രക്ഷകനുള്ള ദിവ്യമായ കാലിത്തൊഴുത്തുകളാക്കാം.

ഫാ.ജോസഫ് കോയിക്കൽ